മാധ്യമം
12 December 2023

# മത്സ്യമേഖലയിൽ അന്താരാഷ്ട്ര സഹകരണം വേണം -സി.എം.എഫ്.ആർ.ഐ ശിൽപശാല

**കൊച്ചി:** മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വേണമെന്ന് ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസി. സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത്.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന ദശദിന രാജ്യാന്തര പരിശീലന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പോഷകസുരക്ഷയും ഉപജീവനവുമൊരുക്കുന്നതിൽ സുപ്രധാന പങ്കാണ് മത്സ്യമേഖല വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പല ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളും ഭക്ഷ്യോൽപാദന മേഖല മെച്ചപ്പെടുത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥയുള്ളതെന്ന് പ്രോഗ്രാം കോഓഡിനേറ്റർ ഡോ. ഖുഷ്നൂദ് അലി പറഞ്ഞു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മാരികൾചർ വിഭാഗം മേധാവി ഡോ. വി.വി.ആർ. സുരേഷ്, ഡോ. ടി.എം. നജ്മുദ്ദീൻ എന്നിവർ സംസാരിച്ചു. ഒമാൻ, ഈജിപ്ത്, ഘാന, നമീബിയ, നൈജീരിയ, സാംബിയ, മലേഷ്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥരും ഗവേഷകരുമാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്.